# പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.479

6.3.2012 ൽ മറുപടിയ്ക്ക്

**സോഷ്യൽ സെക്യൂരിറ്റി മിഷന്റെ ചികിത്സാധനസഹായ പദ്ധതി**

ചോദ്യം

ശ്രീ. ഇ. പി. ജയരാജൻ

ഉത്തരം

ഡോ.എം.കെ.മുനീർ

(പഞ്ചായത്തും സാമൂഹ്യക്ഷേമവും
വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| എ) കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ മുഖേന നിർദ്ധന രോഗികൾക്ക് ചികിത്സാധനസഹായം ലഭ്യമാക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്നും ആനുകൂല്യം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ ; | എ) കേരള സാമൂഹ്യസുരക്ഷാ മിഷൻ മുഖേന 18 വയസ്സുവരെ പ്രായമുള്ള നിർദ്ധന രോഗികളുടെ ചികിത്സാർത്ഥം 2 പദ്ധതികൾ നടപ്പിലാക്കി വരുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.<br><br>**എ. ക്യാൻസർ സുരക്ഷാ പദ്ധതി**<br><br>കേരളത്തിലുള്ള 18 വയസ്സുവരെയുള്ള ക്യാൻസർ രോഗികൾക്ക് സൗജന്യ ചികിത്സ നൽകുന്ന പദ്ധതി<br>**ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള മാനദണ്ഡം**<br><br>1. 18 വയസ്സിനു താഴെയുള്ള കുട്ടികളായിരിക്കണം<br>2. ക്യാൻസർ രോഗമാണെന്ന് പരിശോധനയിൽ കണ്ടെത്തി ആശുപത്രികളിൽ കിടത്തി ചികിത്സ നടത്തുന്നവരുമായിരിക്കണം.<br>3. കേരളത്തിലുള്ള കുട്ടിയായിരിക്കണം.<br>4. ചികിത്സാ ചെലവുകൾ സ്വന്തമായി വഹിക്കാൻ കഴിയാത്തവിധം വരുമാനം കുറഞ്ഞ കുടുംബങ്ങളിലെ കുട്ടികളായി രിക്കണം.<br><br>**ബി. താലോലം പദ്ധതി**<br><br>കേരളത്തിലുള്ള 18 വയസ്സുവരെയുള്ള മാരക രോഗങ്ങൾ ബാധിച്ച കുട്ടികൾക്ക് സൗജന്യ ചികിത്സ നൽകുന്ന പദ്ധതി. |

| | |
|---|---|
| | **ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ**<br><br>1. 18 വയസ്സിനു താഴെ പ്രായമുള്ള കുട്ടികളായിരിക്കണം<br>2. ശസ്ത്രക്രിയ ആവശ്യമുള്ള വൃക്ക(കിഡ്നി) വൈകല്യങ്ങൾ/കാർഡിയോ വാസ്കുലാർ വൈകല്യങ്ങൾ(ജന്മനാ/ആർജ്ജിതമായ), സെറിബ്രൽ പാൾസി, ഹീമോഫീലിയ. താലസീമിയ, സിക്കിൾസെൽ അനീമിയ, അസ്ഥിവൈകല്യങ്ങൾ, ഞരമ്പു സംബന്ധമായ വൈകല്യങ്ങൾ എന്നീ രോഗങ്ങളും എൻഡോസൾഫാൻ കീടനാശിനി ഉപയോഗത്തെ തുടർന്ന് കാസർഗോഡ് ജില്ലയിൽ രോഗബാധിതരായവരുടെ രോഗങ്ങൾ പരിശോധിക്കുന്നതിനും ഡയാലിസിസ് നടത്തുന്നതിനും ശസ്ത്രക്രിയ ചെയ്യുന്നതിനും അവയവങ്ങൾ മാറ്റി വയ്ക്കുന്നതിനും അത്യാഹിത സന്ദർഭങ്ങളിൽ ജീവൻ രക്ഷിക്കുന്നതിന് ആവശ്യമായ എല്ലാ ചികിത്സയും സർജറിയും ഈ പദ്ധതിയിൻകീഴിൽ ഉൾപ്പെട്ടിട്ടുണ്ട്.<br>3. മേൽപ്പറഞ്ഞ അസുഖങ്ങൾക്ക് കിടത്തി ചികിത്സ നേടുന്ന കുട്ടികളായിരിക്കണം.<br>4. മേൽപ്പറഞ്ഞ അസുഖങ്ങൾക്കുള്ള ചികിത്സാ ചെലവുകൾ സ്വന്തമായി വഹിക്കുവാൻ കഴിയാത്ത വിധം വരുമാനം കുറഞ്ഞ കുടുംബങ്ങളിലെ കുട്ടികളായിരിക്കണം.<br>5. കേരളത്തിലുള്ള കുട്ടികളായിരിക്കണം. |
| (ബി) കരൾ മാറ്റിവയ്ക്കൽ, വൃക്ക മാറ്റിവയ്ക്കൽ, ന്യൂറോസർജറി, ബൈപാസ്സ് സർജറി എന്നിവയ്ക്ക് പരമാവധി എത്ര തുക ചികിത്സാസഹായം അനുവദിക്കുമെന്നും സ്വകാര്യ ആശുപത്രികളിലാണ് ചികിത്സയെങ്കിൽ ധനസഹായം നൽകുവാൻ കഴിയുമോയെന്നും വ്യക്തമാക്കുമോ ; | (ബി) ചികിത്സയുടെ ആദ്യഘട്ടം എന്ന നിലയിൽ ചികിത്സയ്ക്കായി 50,000/- രൂപ അനുവദിക്കും. തുടർന്നും കുട്ടിയ്ക്ക് ചികിത്സ ആവശ്യമാണെങ്കിൽ ബന്ധപ്പെട്ട ആശുപത്രി സൂപ്രണ്ട്/പരിശോധിക്കുന്ന ഡോക്ടർ/പദ്ധതിയുടെ നോഡൽ ഓഫീസർ എന്നിവരടങ്ങുന്ന കമ്മിറ്റിയുടെ നിർദ്ദേശാനുസരണം ചികിത്സക്കാവശ്യമുള്ള തുക അനുവദിക്കുന്നതാണ്. സ്വകാര്യ ആശുപത്രികളിലെ ചികിത്സയ്ക്ക് ഈ പദ്ധതി പ്രകാരം ധനസഹായം നൽകുന്നില്ല. |

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരളാ സോഷ്യൽ സെക്യൂരിറ്റി മിഷൻ മുഖേന എത്ര രോഗികൾക്ക് ചികിത്സാധനസഹായം നൽകിയിട്ടുണ്ടെന്ന് ജില്ല തിരിച്ചും സ്ഥാപനം തിരിച്ചുമുള്ള കണക്കുകൾ ലഭ്യമാക്കുമോ ?

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 1387 രോഗികൾക്ക് ചികിത്സാധനസഹായം നൽകിയിട്ടുണ്ട്. ജില്ല തിരിച്ചും സ്ഥാപനം തിരിച്ചുമുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ആശുപത്രിയുടെ പേര് | ചികിത്സ ലഭ്യമാക്കിയ രോഗികളുടെ എണ്ണം |
|---|---|---|
| 1. | റീജിയണൽ ക്യാൻസർ സെന്റർ, തിരുവനന്തപുരം | 360 |
| 2. | എസ്.സി.റ്റി.ഐ.എം.എസ്.റ്റി, തിരുവനന്തപുരം | 624 |
| 3. | എസ്.എ.റ്റി, തിരുവനന്തപുരം | 39 |
| 4. | ഗവ.മെഡിക്കൽ കോളേജ് ആശുപത്രി, തിരുവനന്തപുരം | 22 |
| 5. | ഗവ.മെഡിക്കൽ കോളേജ്, കോട്ടയം | 16 |
| 6. | ഐ.സി.എച്ച്.കോട്ടയം | 48 |
| 7. | ഗവ.മെഡിക്കൽ കോളേജ്, ആലപ്പുഴ | 30 |
| 8. | ഗവ.മെഡിക്കൽ കോളേജ്, തൃശ്ശൂർ | 10 |
| 9. | ചെസ്റ്റ് ആശുപത്രി, തൃശ്ശൂർ | 37 |
| 10. | ഗവ.മെഡിക്കൽ കോളേജ് ആശുപത്രി, കോഴിക്കോട് | 87 |
| 11. | ഐ.എം.സി.എച്ച്.കോഴിക്കോട് | 64 |
| 12. | കോപ്പറേറ്റീവ് മെഡിക്കൽ കോളേജ്,കൊച്ചി | 19 |
| 13. | കോപ്പറേറ്റീവ് മെഡിക്കൽകോളേജ്,പരിയാരം, കണ്ണൂർ | 17 |
| 14. | ജില്ലാ ആശുപത്രി, കാസർകോഡ് | ഇല്ല |
| 15. | താലൂക്ക് ആശുപത്രി, കാസർകോഡ് | ഇല്ല |
| 16. | മലബാർ ക്യാൻസർ സെന്റർ | 14 |

| | | |
|---|---|---|
| 17. | ജനറൽ ആശുപത്രി, എറണാകുളം | ഇല്ല |
| | ആകെ | 1387 |

ജില്ല തിരിച്ചുള്ള കണക്ക്

| ക്രമ നമ്പർ | ജില്ല | ചികിത്സ ലഭ്യമാക്കിയ രോഗികളുടെ എണ്ണം |
|---|---|---|
| 1. | തിരുവനന്തപുരം | 312 |
| 2. | കൊല്ലം | 196 |
| 3. | ആലപ്പുഴ | 95 |
| 4. | എറണാകുളം | 56 |
| 5. | കോട്ടയം | 46 |
| 6. | ഇടുക്കി | 29 |
| 7. | പത്തനംതിട്ട | 50 |
| 8. | വയനാട് | 16 |
| 9. | തൃശ്ശൂർ | 111 |
| 10. | പാലക്കാട് | 104 |
| 11. | മലപ്പുറം | 202 |
| 12. | കോഴിക്കോട് | 88 |
| 13. | കണ്ണൂർ | 60 |
| 14. | കാസർകോഡ് | 22 |
| | ആകെ | 1387 |

R. Vijayan

സെക്ഷൻ ഓഫീസർ